**പതിനാലാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **07.06.2018-ന് മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 1402**

**<u>പൊൻമുണ്ടം സർക്കാർ എച്ച്.എസ്.എസ്.ലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 135 വർഷം പഴക്കമുള്ളതും 1700 ലധികം കുട്ടികൾ പഠിക്കുന്നതും മികച്ച അക്കാഡമിക് നിലവാരത്തിൽ പ്രവർത്തിക്കുന്നതുമായ മലപ്പുറം താനൂർ സബ് ജില്ലയിലെ പൊൻമുണ്ടം സർക്കാർ എച്ച്.എസ്.എസ്.ലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വെറും 37 സെന്റിൽ പ്രവർത്തിക്കുന്ന മേൽസൂചിപ്പിച്ച വിദ്യാലയത്തിന് സ്വന്തമായുള്ള ഭൂമിയിൽ കെട്ടിടനിർമ്മാണത്തിന് ഭൂമിയുടെ തരം മാറ്റൽ അനുമതിക്കായി ലഭിച്ച അപേക്ഷയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ ഭേദഗതി ബിൽ കേരള നിയമസഭ അംഗീകരിച്ചതിനുശേഷം പൊൻമുണ്ടം സർക്കാർ ഹയർ സെക്കൻഡറി സ്കൂളിന്റെ ഭൂമിയുടെ തരം മാറ്റൽ അപേക്ഷയിൽ അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) ഭൂമി തരംമാറ്റൽ നടന്നില്ലെങ്കിൽ കുട്ടികളുടെ ഭാവി കണക്കിലെടുത്ത് പകരം ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഭൂമി തരംമാറ്റൽ സാദ്ധ്യമല്ലാത്ത സാഹചര്യമുണ്ടായാൽ അപ്പോൾ പരിഗണിക്കാവുന്നതാണ്. |

Namitha

സെക്ഷൻ ഓഫീസർ